(എഫ്) മ്യൂസിയം കാമ്പൗണ്ടിൽ ശീതള പാനീയ കമ്പനികൾക്ക് പര സ്യക്കുടകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടില്ല.

26 (1668) കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാ ക്കുവാൻ എന്തെല്ലാം പരിപാടികളാണുള്ളത്;

(സി) ഇവ എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഉയർന്ന പ്രദേശങ്ങളായ പൂജ പ്പുര, മുടവൻമുഗൾ, തമലം, കരമന, നെടുങ്കാട്, തളിയൽ കുര്യാത്തി, ചെട്ടി ക്കുളങ്ങര എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. എന്നാൽ 26.1.99-ൽ തിരുവനന്തപുരം ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി കമ്മിഷൻ ചെയ്തതോടുകൂടി ഈ പ്രദേശങ്ങളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

കൊച്ചി നഗരത്തിലെ എല്ലാ പ്രദേശങ്ങളിലും വേനൽക്കാലത്ത് പൊതുവേ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കോഴിക്കോട് നഗര ത്തിലെ ഉയർന്ന പ്രദേശങ്ങളായ വെസ്റ്റ്ഹിൽ കൊക്കോഴിക്കോട്, സിവിൽ സ്റ്റേഷൻ പുതിയറ, പൊന്നറക്കോട്കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(സി) തിരുവനന്തപുരം ഇടക്കാല വിപുലീകരണ പദ്ധതി കമ്മിഷൻ ചെയ്തതോടുകൂടി നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെട്ട ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജപ്പാനിലെ ധന കാര്യ ഏജൻസിയായ ഒ.ഇ.സി.എഫിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന തിരുവനന്തപുരം നഗരശുദ്ധജല വിപുലീകരണ പദ്ധതി പൂർത്തിയാ കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിനും സമീപ പഞ്ചായത്തു കൾക്കും അവശ്യാനുസരണം ശുദ്ധജലം ലഭ്യമാകും.

ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ഇടക്കാല വിപുലീകരണ പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗര ത്തിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാവും. കൂടാതെ കൊച്ചി നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലേയും കുടിവെള്ള പ്രശ്ന ത്തിന് ശാശ്വത പരിഹാരമുണ്ടാക്കുവാൻ കൊച്ചി ശുദ്ധജല വിപുലീകരണ പദ്ധതി ഫ്രഞ്ചു ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ കൊച്ചി നഗര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാകും. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി താല്ക്കാലിക ബണ്ടുകൾ കെട്ടിയും ഇൻഫിൽട്രേഷൻ ഗ്യാലറിയിലെ അറ്റകുറ്റപ്പണികൾ തീർത്തും സ്രോതസ്സ് വർദ്ധിപ്പിക്കുക, വലിപ്പം കുറഞ്ഞ പൈപ്പുകൾ മാറ്റി വലിപ്പം കൂടിയവ സ്ഥാപിക്കുക, ട്രാൻസ്ഫോമറുകളും ബൂസ്റ്ററുകളും സ്ഥാപിക്കുക എന്നീ പണികൾ പൂർത്തിയാകുന്നതോടുകൂടി കോഴിക്കോട് നഗരത്തിലെ കുടിവെള്ള ക്ഷാമത്തിനു താൽക്കാലിക പരിഹാരം ഉണ്ടാകും. എന്നാൽ ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട്ടു നഗര ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. 1-ാം ഘട്ടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. 2-ാം ഘട്ടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. 2001 മാർച്ചു മാസത്തോടെ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. ജപ്പാനിലെ ധനകാര്യ ഏജൻസിയായ ഒ.ഇ.സി. എഫിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് നഗര ശുദ്ധജല വിപുലീകരണ പദ്ധതി ആരംഭിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പണി പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതി 2003 ഡിസംബറിൽ കമ്മിഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടുകൂടി കോഴിക്കോട്ടു നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുകയും സ്ഥലവും ലഭ്യമാകുന്നതിനനുസരിച്ച് പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

27 (1670) ശുദ്ധജലത്തിന്റെ ദുരുപയോഗം

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ശുദ്ധജലത്തിന്റെ ദുരുപയോഗം നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വരൾച്ചകാലത്ത് ശുദ്ധജല ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ശുദ്ധജലത്തിന്റെ ദൗർലഭ്യം ഒഴിവാക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശുദ്ധജലത്തിന്റെ ദൗർലഭ്യം ഒഴിവാക്കുന്നതിനും വേണ്ടി മുൻകാലങ്ങളിൽ ഏറ്റെടുത്ത് പണികൾ നടത്തിവന്നിരുന്നതും എന്നാൽ പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ പണികൾ ത്വരിതപ്പെടുത്തി എത്രയും വേഗം പൂർത്തീകരിക്കുക, നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, ഉറവിട വിപുലീകരണം നടത്തുക, സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുക, നിലവിലുള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly